# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 19

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി ആന്റ് ഇന്റെലക്ച്വൽ ഡിസെബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 27 മുതൽ മാർച്ച് 18 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/258/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. മാത്തമാറ്റിക്സ് മോഡൽ 2 (വൊക്കേഷണൽ - കമ്പ്യൂട്ടർ സയൻസ്) യു.ജി. പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 24 മുതൽ വിവിധ കോളജുകളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/259/2020)

## പരീക്ഷഫലം

2019 ഓഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/260/2020)

## കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്; പ്രവേശനം 24ന്

മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ്‌ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവകുപ്പ് നടത്തുന്ന കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള പ്രവേശനം ഫെബ്രുവരി 24ന് നടത്തും. 5200 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ പത്താംക്ലാസ്, പ്ലസ്ടു സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും രണ്ട് ഫോട്ടോയുമായി രാവിലെ 10ന് മുമ്പായി ഡിപ്പാർട്ട്മെന്റിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731560/2731724/9544981839.

(പി.ആർ.ഒ/39/261/2020)

## എം.ജി.യിൽ അന്തർദ്ദേശീയ സാംസ്കാരിക സംഗമം

മഹാത്മാ ഗാന്ധി സർവകലാശാല യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെയും ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെയും ആഭിമുഖ്യത്തിൽ ഫെബ്രുവരി 28ന് അന്തർദ്ദേശീയ വിദ്യാർഥി-ഗവേഷക സംഗമം നടക്കും. രാവിലെ 9.30ന് സർവകലാശാല കാമ്പസിൽ നടക്കുന്ന പരിപാടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. 35 രാജ്യങ്ങളുടെ തനത് കല-സാംസ്കാരിക-വിദ്യാഭ്യാസ-ടൂറിസം സാധ്യതകൾ ചർച്ച ചെയ്യും. പങ്കെടുക്കാൻ താല്പര്യമുള്ളവർ www.mgu.ac.in, ucicmgu.org എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. വിശദവിവരത്തിന് ഫോൺ: 9446224240.

(പി.ആർ.ഒ/39/262/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ